കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വലപ്പാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2018-2019

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in.

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി.1) 689/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ-680 020.

ഫോൺ: 0487 2331249

e-mail: dotsr.ksad@kerala.gov.in

തീയതി: 28/07/2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

വലപ്പാട് ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : വലപ്പാട് ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വലപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1-17 ഖണ്ഡികയിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ

ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ (ഉപരിപത്രം സഹിതം)

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.(പി.1)689/2020 തീയതി:28/07/2020

## തൃശ്ശൂർ ജില്ലയിലെ വലപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത് )

തൃശ്ശൂർ ജില്ലയിലെ വലപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 1.4.2018 മുതൽ 31.3.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിലെ പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ 17 എണ്ണം നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി മേരി ഹണി ജോസഫ്<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 06.07.2020 മുതൽ 14.07.2020 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ ശിവൻ പി.എ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്) |
| ശ്രീ.സിനിലാൽ. എം.ജി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.സ്റ്റാൻലി പി.എസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ ജോമോൻ ഇ.കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.നിജ്ജ. സി.എസ് | ഓഡിറ്റർ |

| ബി) നിർവ്വഹണാധികാരികൾ | | |
|---|---|---|
| | പേര് | കാലയളവ് |
| പ്രസിഡന്റ് | ശ്രീ.ഇ.കെ.തോമസ് മാസ്റ്റർ | 1.4.2018 മുതൽ 31-3-19 വരെ |
| സെക്രട്ടറി | ശ്രീ.സുരേഷ്. കെ.ആർ | 1.4.2018 മുതൽ 22.6.2018 വരെ |
| | ശ്രീമതി ഷീല.എം.ബി | 23.6.2018 മുതൽ 16.7.2018 FN |

| | | |
|---|---|---|
| | | വരെ |
| | ശ്രീ.സനീഷ് കെ വി (ഇൻ ചാർജ്ജ്) | 16.7.2018 AN മുതൽ 25.7.2018 വരെ |
| | ശ്രീമതി ഷീല.എം.ബി | 26.7.2018 മുതൽ 31.3.2019 വരെ |

നിർവ്വഹണോദ്യോഗസ്ഥരുടെ വിവരം

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | സുരേഷ് കെ. ആർ | 1.4.2018 മുതൽ 22.6.2018 വരെ |
| | ഷീല എം.ബി | 23.6.2018 മുതൽ 16.07.2018 FN വരെ |
| | ഷീല എം.ബി | 26.7.2018 മുതൽ 31.3.2019 വരെ |
| സെക്രട്ടറി ഇൻ ചാർജ്ജ് | സനീഷ് കെ. വി | 16.7.2018 AN മുതൽ 25.7.2018 വരെ |
| കൃഷി ഓഫീസർ | ഷീബ ജോർജ്ജ് കെ | 01/04/2018 മുതൽ 31/10/2018 വരെ |
| | പ്രീത കെ ആർ | 01/11/2018 മുതൽ 21/11/2018 FN വരെ |
| | ഫാജിത റഹ്മാൻ | 21/11/2018 AN മുതൽ 31.3.2019 വരെ |
| അസിസ്റ്റൻറ് എഞ്ചിനീയർ | ഷൈനി പി ജെ | 01/04/2018 മുതൽ 19/06/2018 FN വരെ |
| | ആശ കെ എസ് | 19/06/2018 AN മുതൽ 31/03/2019 വരെ |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | പ്രവീൺ കുമാർ | 01/04/2018 മുതൽ 07/08/2018 FN |
| | ഫാത്തിമ സുഹറ | 07/08/2018 ANമുതൽ 31/03/2019 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ എ ബുഹാരി | 01/04/2018 മുതൽ 31/05/2018 വരെ |
| | ജോസ് ടി പൈക്കട (ഇൻ ചാർജ്ജ്) | 01/06/2018 മുതൽ 30/06/2018 വരെ |
| | ഡോ എസ് ജയദീപ് | 01/07/2018 മുതൽ 31/03/2019 വരെ |
| വെറ്ററിനറി സർജൻ | ഡോ .കെ ബി ജിതേന്ദ്രകുമാർ | 01/04/2018 മുതൽ 01/01/2019 FN വരെ |
| | ഡോ സി കെ സിൽവൻ | 01/01/2019 AN മുതൽ 31/03/2019 വരെ |
| ഹെഡ് മാസ്റ്റർ, ജി.യു.പി.എസ്. | ചിത്രകുമാർ (ഇൻ ചാർജ്ജ്) | 01/04/2018 മുതൽ 30/05/2018 വരെ |
| | രജനി കെ പി | 01/06/2018 മുതൽ 31/03/2019 വരെ |
| വി.ഇ.ഒ., വലപ്പാട് സർക്കിൾ | അരുൺ വിജയ് | 01/04/2018 മുതൽ 16/08/2018 FN വരെ |
| വി.ഇ.ഒ., വലപ്പാട് സർക്കിൾ | അജിത്ത് രാജ്കുമാർ | 16/08/2018 AN മുതൽ 31/03/2019 വരെ |
| വി.ഇ.ഒ., എടമുട്ടം സർക്കിൾ | സെറീന കെ എച്ച് | 01/04/2018 മുതൽ 31/03/2019 വരെ |
| അസിസ്റ്റൻറ് സെക്രട്ടറി | സനീഷ് കെ. വി | 1.4.2018 മുതൽ 31.3.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശുഭ നാരായണൻ | 01/04/2018 മുതൽ 11/07/2018 FN വരെ |
| | വൈദേഹി കെ ആർ | 11/07/2018 AN മുതൽ 31/03/2019 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ ഗീത കുമാരി | 01/04/2018 മുതൽ 31/03/2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | റഫീന ബീവി | 01/04/2018 മുതൽ 31/03/2019 വരെ |
| ഫിഷറീസ് ഇൻസ്പക്ടർ | ജീന ഗോപിനാഥ് | 01/04/2018 മുതൽ 31/03/2019 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |

| | | |
|---|---|---|
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 12 | സഞ്ചയ പ്രകാരം വ്യവസായ ഗണത്തിലുള്ള സ്ഥാപനങ്ങൾ ലൈസിൻസില്ലാതെ പ്രവർത്തിക്കുന്നു | 1-12 |
| 13 | സ്ഥാപനങ്ങൾക്ക് വ്യവസായ ഗണത്തിൽ വസ്തു നികുതി നിർണ്ണയിക്കാതെ വാണിജ്യ സ്ഥാപനങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി ഈടാക്കുന്നു | 1-13 |
| 14 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം | 1-14 |
| 15 | പൊതുടാപ്പുകൾ എണ്ണം കുറക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | 1-15 |
| 16 | ഫോട്ടോസ്റ്റാറ്റ് മെഷീൻ ,എൽ.സി.ഡി. പ്രൊജക്റ്റർ വാങ്ങൽ-കരാറിൽ വാറണ്ടി സംബന്ധിച്ച വിവരങ്ങൾ ഇല്ല | 1-16 |
| 17 | പട്ടികജാതി വിഭാഗങ്ങൾക്ക് ജനസംഖ്യാനുപാതികമായി ഗ്രാമപഞ്ചായത്തുകൾക്ക് ലഭിക്കേണ്ട തുകയിൽ സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിൽ കുറവ് | 1-17 |
| 18 | കിണർ റീചാർജിങ് വാല്യുവേഷൻ നടത്തണം | 1-18 |
| 19 | മരാമത്ത് പണികളുടെ നിർവഹണം | 1-19 |
| 20 | കരാറെടുത്തയാൾ യാതൊരു പ്രവൃത്തിയും ചെയ്തില്ല | 1-20 |
| 21 | ഷോപ്പിങ് കോംപ്ളക്സിൽ ചോർച്ച-പരിഹാരനടപടികൾ സ്വീകരിക്കേണ്ടതാണ് | 1-21 |
| 22 | തൊഴിലുറപ്പുപദ്ധതി | 1-22 |
| 23 | സ്പോർട്ട്സ് കിറ്റ് പരിധിയിലധികം തുക വിനിയോഗിച്ചു. | 1-23 |
| 24 | മൽസ്യ തൊഴിലാളികൾക്ക് ഗിൽനെറ്റ് വിതരണം-അപാകതകൾ. | 1-24 |
| 25 | മൽസ്യ തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലാപ്പ്ടോപ്പ് നൽകൽ -രേഖകൾ കൃത്യമല്ല-അപാകതകൾ. | 1-25 |
| 26 | എസ്സ്.എസ്സ്.എ അധിക വിഹിതം ക്രമീകരിക്കണം. | 1-26 |
| 27 | സ്പോർട്സ് കൗൺസിൽ രൂപീകരിക്കണം. | 1-27 |
| 28 | ലൈഫ് പദ്ധതി – ഗുണഭോക്താവിൽ നിന്നും തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കണം | 1-28 |
| 29 | മാലിന്യ സംസ്കരണം – പദ്ധതി ലക്ഷ്യം നേടിയില്ല | 1-29 |
| | ഭാഗം 2<br>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| ഭാഗം 3<br>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| | ഇല്ല | |

| | | |
|---|---|---|
| | ഭാഗം-4 | |
| 30 | വാർഷിക കണക്ക് പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 31 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-2 |
| 32 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ. | 4-3 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്. | 4-4 |
| 34 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 35 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 36 | ഓഡിറ്റ് റിക്കവറി | 4-7 |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ. | 4-9 |
| 39 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 40 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

പുതുക്കിയ ബജറ്റ് 13.2.2019 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.ബജറ്റ് പ്രകാരം മുന്നിരിപ്പടക്കം ആകെ വരവ്-30,23,82,532 രൂപ,ആകെ ചെലവ്-25,55,56,863 രൂപ.

## 1-2 വാർഷികധനകാര്യപത്രിക

| തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2019 | 29.4.2019 | - | -- |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,96,26,314.99 |
| വരവ് | 8,93,71,753 |
| ആകെ | 11,89,98,067.99 |
| ചെലവ് | 8,99,92,629 |
| നീക്കിയിരിപ്പ് | 2,90,05,438.99 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ ( ACR പ്രകാരം ) | 0 | 22992000 | 22992000 | 22463941 | 528059 |
| വികസന ഫണ്ട് എസ് സി പി ( ACR പ്രകാരം ) | 0 | 2486000 | 2486000 | 2483415 | 2585 |
| മെയിൻറനൻസ് റോഡ് ( ACR പ്രകാരം ) | 0 | 13145000 | 13145000 | 6747104 | 6397896 |
| മെയിൻറനൻസ് നോൺ റോഡ് ( ACR പ്രകാരം ) | 0 | 4727000 | 4727000 | 3849050 | 877950 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 9447000 | 9447000 | 8813123 | 633877 |

# 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ(എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 241 | 108104519 | 161 | 59576016 | 54 | 26 | 66.80 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3915 | 921504 | 925419 | 923338 | 2081 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 29231586 | 29231586 | 29231586 | 0 |

# 1-7 ക്യാഷ് വേരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ആക്ടിലെ 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 9.7.2020 തീയതിയിൽ 3.00 പി.എം ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 39416/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ഡേ ബുക്ക്, ക്യാഷ് ബുക്ക് എന്നിവയുമായി ഒത്തുനോക്കി ബോധ്യപ്പെട്ടു.

# 1-8 ക്ഷേമപദ്ധതികൾ

| പദ്ധതിയുടെപേര് | ചെലവുതുക | ഗുണഭോക്താക്കളുടെഎണ്ണം (ട്രാൻസാക്ഷൻ കൗണ്ട്) |
|---|---|---|
| തൊഴിൽരഹിതവേതനം | 75600 | 35 |
| കർഷകതൊഴിലാളിപെൻഷൻ | 3406800 | 1143 |
| വിധവാപെൻഷൻ | 17952000 | 5765 |
| വാർദ്ധക്യകാലപെൻഷൻ | 30333500 | 9691 |
| വികലാംഗപെൻഷൻ | 5158300 | 1591 |
| 50 വയസ്സിന്മേൽപ്രായമുള്ളഅവിവാഹിതരായസ്ത്രീകൾക്കുള്ളപെൻഷൻ | 1641900 | 547 |
| വിധവകളുടെപെൺമക്കൾക്കുള്ളവിവാഹധനസഹായം | 150000 | 5 |

# 1-9 ആഭ്യന്തരനിയന്ത്രണം

വൗച്ചറുകളെല്ലാം അടുക്കും ചിട്ടയോടെയും പുസ്തകരൂപത്തിലും സൂക്ഷിച്ചുവെച്ചിട്ടുള്ളത് ശ്രദ്ധേയമാണ്. സാമ്പത്തികവർഷം 7500000 രൂപ സ്ഥിരനിക്ഷേപം നടത്തുവാൻ കഴിഞ്ഞിട്ടുള്ളത് അഭിനന്ദനീയമാണ്. 80,33,271/- രൂപ വകയിരുത്തി തനത് ഫണ്ട് പ്രൊജക്ടുകൾ ആവിഷ്കരിച്ച് അരക്കോടിയിലേറെ രൂപ ചെലവിടുവാൻ കഴിഞ്ഞതും എടുത്തുപറയേണ്ടതാണ്.ഇതിൽതന്നെ ഇരുപത് ലക്ഷം രൂപ വകയിരുത്തിയത് ആയുർവേദാശുപത്രി വിപുലീകരണത്തിനാണ്.

വിമുക്ത ഭടന്മാരുടെ നികുതിയിളവിനു സത്യവാങ്മൂലം പരിശോധിച്ച് പരിശോധന റിപ്പോർട്ട് തയ്യാറാക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ നിന്ന് അംഗീകാരം വാങ്ങേണ്ടതുമാണ്.സ്ഥാപനങ്ങളെ ശരിയായ ഗണത്തിൽപെടുത്താത്തതും ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതും മൂലമുള്ള വരുമാനനഷ്ടം പരിഹരിക്കുന്നതിനുള്ള ക്രിയാത്മകമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. ആസ്തിരജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. പട്ടികജാതിവിഭാഗത്തിന് പശ്ചാത്തലസൗകര്യത്തിനുതകുന്ന പദ്ധതികൾ ആവിഷ്കിക്കുന്നതിന് കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്. നിർമാണപ്രവർത്തനങ്ങളുടെ സമയബന്ധിതമായ നിർവഹണം ഉറപ്പുവരുത്താനും ശ്രദ്ധിക്കേണ്ടതാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.1.2020 | ഡിസംബർ 2019 | ലഭ്യമാക്കിയിട്ടില്ല |
| അക്കൗണ്ടന്റ് ജനറൽ | 26.9.18-05.10.18 | 13-14മുതൽ<br>17-18 വരെ | 3.11.2018 |

# 1-11 വാർഷിക കണക്കിലെ അപാകതകൾ

1.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ് ))

2.വസ്തു നികതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

<u>2.1തൻവർഷം</u>

2.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3354122 | 2988227 | 177549 | 215541 വരേണ്ടിയിരുന്ന ബാലൻസ് 188346/- വ്യത്യാസം 27195/- രൂപ.27979 രൂപ lതൻവർഷ ബാലൻസ് തുക അടുത്തവർഷത്തേക്ക് adjust ചെയ്യാനുള്ളതായും മുൻവർഷങ്ങളിലേതടക്കം 777041 രൂപ അഡ്വാൻസ് ബാലൻസ് adjust ചെയ്യാനുള്ളതായും കാണിച്ചിട്ടുണ്ട്. |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3354122 | 3053684 | 969785 | *215837 |
| | (ഇൻകം &എക്സിപെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ( 350410101- Advance collection-PT on Res. bldg-ന്റെ ലെഡ്ജർ) | *(226629 /105X100)= 215837<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ഡിമാന്റിൽ നിന്നും കള്കഷൻ+മുൻകൂർ(ആകെ 4023469) കുറച്ച കിട്ടുന്നത് 669347 രൂപ അധിക കളക്ഷൻ ആണ്.എന്നാൽ B-15 ൽ 215837/- രൂപ തൻവർഷം കിട്ടാനുള്ളതായും കാണിച്ചിട്ടുണ്ട്.RP 36 പ്രകാരം Adv.Collection 1198 രൂപയും എന്നാൽ B9 പ്രകാരം 777041 രൂപ adv collection ആയും(സഞ്ചയ adjustment)കാണിച്ചിട്ടുണ്ട്.777041-(669347+1198)=106496 /- അധിക കളക്ഷൻ തുക വ്യത്യാസം |

2.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2934710 | 2415806 | 108792 | 450580.<br>വരേണ്ടിയിരുന്ന ബാലൻസ് 410112/- വ്യത്യാസം40468/- രൂപ. 41506 രൂപ lതൻവർഷ ബാലൻസ് തുക അടുത്തവർഷത്തേക്ക് adjust ചെയ്യാനുള്ളതായും മുൻവർഷങ്ങളിലേതടക്കം 407983 രൂപ അഡ്വാൻസ് ബാലൻസ് adjust ചെയ്യാനുള്ളതായും കാണിച്ചിട്ടുണ്ട്. |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2934710 | 2356229 | 225936 | *450658 |
| | (ഇൻകം &എക്സിപെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ( 350410104- Advance collection-PT on NR bldg-ന്റെ ലെഡ്ജർ) | *( 473191 /105X100)<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15).<br>വരേണ്ടിയിരുന്ന ബാലൻസ് 352545/- വ്യത്യാസം98113/- രൂപ.RP 36 പ്രകാരം adv .collection ഇല്ല.എന്നാൽ Balance Sheet B9 പ്രകാരം 428848 രൂപ കാണിച്ചിട്ടുമുണ്ട് |

<u>2.2കടിശ്ശിക</u>

2.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ | 506475 | 383233 | 127729. |

| | | | |
|---|---|---|---|
| പ്രകാരം | | | വരേണ്ടിയിരുന്ന ബാലൻസ് 123242/-<br>വ്യത്യാസം4487/- രൂപ അധിക ബാലൻസ് |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *430720 | 389314 | **128089 |
| | *(2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>(162090.+290166=452256./105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>(134493/105X100)=128089)<br>വരേണ്ടിയിരുന്ന ബാലൻസ് 41406/-<br>വ്യത്യാസം 86683/- രൂപ |

2.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1358875 | 343590 | 1017221.വരേണ്ടിയിരുന്ന ബാലൻസ് 1015285/- വ്യത്യാസം1936/- രൂപ അധികം കിട്ടാനുള്ളതായി കാണിച്ചിരിക്കുന്നു |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 496836 | 334476 | 1017282 |
| | (2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>*<br>(258396.+.263282.=521678/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | **(1068146/105X100)=1017282,<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>വരേണ്ടിയിരുന്ന ബാലൻസ് 162360/- വ്യത്യാസം 854922/- രൂപ.ആകെ തൻവർഷം 185349 രൂപയാണ് Provision |

<u>2.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)</u>

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീ കരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | റെസിഡൻഷ്യൽ | 171573 | 26904 | 198477 | 151872 | 19530 | 171402 | 9415 | | 11088<br>യഥാർത്ഥ ബാലൻസ് 10286) | 6764. (യഥാർത്ഥ ബാലൻസ് 7374) | 18029. (ഗണിത പ്രകാരം 17852 യഥാർത്ഥ ബാലൻസ് 17660)) |
| | നോൺ-റെസിഡൻഷ്യൽ | 148102 | 68389 | 216491 | 121374 | 17241 | 138615 | 5578 | | 22611 (യഥാർത്ഥ ബാലൻസ് 21150) | 50925 (യഥാർത്ഥ ബാലൻസ് 51148) | 73705<br>(യഥാർത്ഥ ബാലൻസ് 72298) |
| | ആകെ | | | 414968 | | | 310017 | 14993 | | 91734 | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 359418 | | | 310499 | | | | | 91388/-48919 രൂപ വരേണ്ടത്.42469 ഡിമാന്റ് വർദ്ധനവ് | | |
| | | 44976.+314412 =(2017-18ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15, I1-2018-19*5/100) | | | (റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-36 (വരവ്)) | | | | (431910101 -State govt . Cess/levies ...... ലെഡ്ജർ 2018-19) | (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

2.4."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.(ഉദാ:2.1.1, 2.1.2, 2.2.1,.2.2.2, 2.3 എന്നി ഖണ്ഡികയിലെ പട്ടികകൾ).

2.5 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2019 ൽ ക്രമീകരിക്കാൻ

അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 2 | 350410101-Advance collection of revenues -Property tax on Non-Residential building | 428848 | 407983 |

2.6 1/4/2018 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2018-19 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള,അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2018-19 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ പുതിയ കെട്ടിടങ്ങൾക്ക് വസ്തുനികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2018-19 ലെ “110100101-Property tax on residential buiding”എന്ന ശീർഷകത്തിലേയും “110100103-Property tax on non residential buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ഡിമാന്റ് 1 മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും ,ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

2.7 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 310499രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 325010(310017+14993) രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State govt cesses/levies in Property tax control account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല

2.8 2017-18 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 “Other liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2018 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2018-19 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. “Prior period items” എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൗച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/18 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2018-19ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance collection of revenues - Property tax on Residential building | 969,785 | 177549 |
| 2 | 350410101-Advance collection of revenues - Property tax on Non-Residential building | 225,936 | 108792 |

2.9 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ)1902459 -രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State govt levies in property tax” എന്ന ശീർഷകത്തിൽ വരേണ്ട തുക 90593 (1902459/105X5 )ആണ്. എന്നാൽ ഈ ശീർഷകത്തിൽ 91388രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

3.2018-19 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ നടപ്പിലാക്കിയിട്ടുണ്ട്. (വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡിക2.6.ൽ ചേർത്തിട്ടുണ്ട്)

4.ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15(a) പ്രകാരം, വസ്തുനികുതി ഇനത്തിലും,വാടകയിനത്തിലും ലഭിക്കാൻ ബാക്കിയുള്ള തുകയിൽ, ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി 31/3/2019 പ്രകാരമുള്ള തുക ചേർത്തിട്ടുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | ശീർഷകം | 2018-19 ൽ പ്രൊവിഷനായി രേഖപ്പെടുത്തിയ തുക | 31/3/2019 ലെ അക്യുമലേറ്റഡ് പ്രൊവിഷൻ ബാക്കി |
|---|---|---|---|
| 1. | 270100101-Provision for Doubtful Receivable-Property Tax | 185349 | 185349 |

എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്,ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

5.ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം "280000000-Prior Period item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2019ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior period income -Property tax on residential buildings | (1039226) |
| 280100104-Prior period income-Property tax on non residential buildings | (524048) |

6.കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

7.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

8.വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net increase in cash and cash equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (620876) രൂപയാണ്.എന്നാൽ ഇതേ പത്രികയിൽ 2018-19 കാലയളവിൽ "Net cash generated by Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 7280554 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

9.1 31/3/2019 ലെ ബാലൻസ്ഷീറ്റ് പ്രകാരം Movable Assets-Office Equipments & other Equipments എന്ന ശീർഷകത്തിലെ ആസ്തികൾക്ക് 2199049 രൂപ വില കണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/3/2019 ലെ Accumalated Depreciation 2428566രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക 2019-20 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

10. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ ഷെഡ്യൂൾ പ്രകാരം 8 ആസ്തികളുടെ തേയ്മാനം കണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റിൽ ഉൾപ്പെടുന്ന താഴെ ചേർത്തിരിക്കുന്ന ആസ്തികൾക്ക് (Land ഒഴികെ) I-17(a)ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടില്ല.

| ക്ര.ന | ആസ്തി -ശീർഷകം | 31/3/2019 ലെ മൂല്യം |
|---|---|---|
| 1 | Culverts | 1128096 |
| 2 | Movable Assets-others | 1230252 |

# 1-12 'സഞ്ചയ' പ്രകാരം വ്യവസായ ഗണത്തിലുള്ള സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുള്ള വ്യവസായ ഗണത്തിലുള്ള സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു. 2018-19-വ്യവസായം,വാണിജ്യം,സംരംഭകത്വം, മറ്റു സേവനങ്ങൾക്കുള്ള ലൈസൻസ് രജിസ്റ്റർ,ട്രേഡേഴ്സ് ലിസ്റ്റ്,സഞ്ചയയിൽ നിന്നുള്ള വ്യവസായ സ്ഥാപനങ്ങളുടെ ലിസ്റ്റ് എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന 87 കെട്ടിടങ്ങൾക്ക് ലൈസൻസെടുത്തിട്ടില്ല

കെട്ടിട നം
1/42A,1/106A,1/332A,1/182,2/70A,2/70B,2/569,3/523,4/650,5/98A,5/164,5/350,5/148,5/345A,5/528A,6/142B,6/354,6/550,7/30A,7/177A,8/263,8/317A,9/257,9/317,9/318,9/493,10/249A,10/455A,10/463,10/227,10/275,10/469,10/498,
11/121,11/191,11/215,11/476,11/487,12/265A,12/279E,12/301,12/396,12/543,13/60,13/180,13/278,13/397,13/399,13/401,13/417,
13/525,13/103,13/110,14/245,14/338,14/418,14/506,14/577,15/618A,15/57A,15/287,15/487,15/525A,15/636,16/38A,16/38B,
16/49A,16/253B,16/380,16/382,16/390,17/9A,17/160,17/242,17/253,17/304,17/327,17/21A,18/117,18/402,19/422,19/102, 19/103,19/104,19/105,19/106,20/96A
മേൽപ്പറഞ്ഞ കെട്ടിടങ്ങളിൽ പരിശോധന നടത്തി വ്യവസായം നടന്നു വരുന്നുണ്ടെങ്കിൽ നോട്ടീസ് നൽകി ലൈസൻസെടുത്തുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്.
കെട്ടിടങ്ങൾ പൊളിച്ചുമാറ്റിയതായോ ഗണം മാറി പ്രവർത്തിക്കുകയോ ഉണ്ടെങ്കിൽ വേണ്ട നടപടി സ്വീകരിച്ചു ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.(ഓഡിറ്റ് അന്വേഷണം10/10.7.20 )

# 1-13 സ്ഥാപനങ്ങൾക്ക് വ്യവസായ ഗണത്തിൽ വസ്തു നികുതി നിർണ്ണയിക്കാതെ വാണിജ്യ സ്ഥാപനങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി ഈടാക്കുന്നു

2018-19-വ്യവസായം, വാണിജ്യം, സംരഭകത്വം, മറ്റു സേവനങ്ങൾക്കുള്ള ലൈസൻസ് രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ്, സഞ്ചയയിൽ നിന്നുള്ള വ്യവസായ സ്ഥാപനങ്ങളുടെ ലിസ്റ്റ് എന്നിവ പരിശോധിച്ചതിൽ വാണിജ്യ ലൈസൻസെടുത്തതും വ്യാവസായിക അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതുമായ താഴെ പറയുന്ന 78 കെട്ടിടങ്ങൾ 'സഞ്ചയ'യിൽ വ്യവസായ സ്ഥാപനങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

1)മര/സ്റ്റീൽ ഫർണ്ണീച്ചർ നിർമ്മാണം

കെട്ടിട നം XV/51,XI/412,XI/394,II/584(25HP),IV/72(27HP),IV/306,XI/23,II/585,586,II/641(13HP),XIII/666(9HP),IV/675,VIII/306,IV/664

2)ടിഷ്യൂ പേപ്പർ നിർമ്മാണം

II/687A

3)Gold നിർമ്മാണം

III/33

4)Switch board/Frame/Electrical Items നിർമ്മാണം

X/175,IX/497(24HP),XI/342

5)Hollo bricks/Cement Tile നിർമ്മാണം

VIII/330A

6)തുണി സഞ്ചി/ബാഗ് നിർമ്മാണം

IV/153,IX/582

7)കമ്പിച്ചൂൽ നിർമ്മാണം

VI/173A

8)പാള പാത്ര നിർമ്മാണം

VII/312B

9)ഭക്ഷ്യ ഉത്പന്ന നിർമ്മാണം

V/187A,B(20HP),XI/526A,XVI/2,XVI/1,XI/462,XIX/504,III/204

10)Ice Cube നിർമ്മാണം

II/108(50HP),V/497(8HP)

11)ആയുർവ്വേദ മരുന്ന നിർമ്മാണം

XIX/522,523

12)ഇലക്ട്രിക്കൽ/എഞ്ചിനീയറിംഗ് വർക്ക്ഷോപ്പ്

VIII/469(7.5HP),VIII/485A(13HP),X/133,V/440A,VIII/462D,IX/273,VI/261

13)പുകയില്ലാ അടുപ്പ് നിർമ്മാണം

X/483,484,485

14)സോഡ നിർമ്മാണം

X/4,V/322A

15)Service Station

II/635

16)Aluminium Fabrication

XIX/441

17)കാറ്ററിംഗ്

IX/173A,V/17A,X/391A,IV/716A

18)Offset/Screen /Flex /Digital Printing Press

IX/95,IV/593,X/202

19)Flour/Oil Mills

1/317,III/279,IV/306,XIII/470,VI/174,XX/505E,F,XX/91B,IX/609,XI/83A,II/269,V/389,IX/88,XVI/356,XVI/325,XII/577B,C,D(25HP),XVIII/427,IX/243,II/542,VIII/485,X/60A,XI/777,XIV/488B,XI/143,XII/546

20)സോപ്പ്/സോപ്പ് പൊടി നിർമ്മാണം
XII/164,166,167,XIX/505
മേൽപ്രകാരം ലൈസൻസ് അനുവദിച്ചിട്ടുള്ള 78 കെട്ടിടങ്ങളിൽ പരിശോധന നടത്തി സുരക്ഷ മാനദണ്ഡങ്ങൾക്കനുസൃതമായി G1/G2/MSME വ്യവസായ ഗണങ്ങളിൽ ലൈസൻസ് അനുവദിക്കേണ്ടതും സഞ്ചയയിൽ വാണിജ്യ ഗണത്തിൽ നിന്നും മാറ്റി വസ്തുനികുതി പരിഷ്കരിക്കേണ്ടതുമാണ്.നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം 11/10.7.2020)

## 1-14 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാൻനടപടി സ്വീകരിക്കണം

സെക്രട്ടറി നടപ്പാക്കിയ താഴെ പറയുന്ന പദ്ധതികളിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| ക്രമനം. | പദ്ധതി നം./പേര് | ചെലവഴിച്ച തുക | ബിൽ നം. /തിയതി. | നൽകിയത് |
|---|---|---|---|---|
| 1. | 1/19-ഐ.കെ.എം. വിഹിതം നൽകൽ | 42970 | 5/18-19/21.5.18 | ഇൻഫർമേഷൻ കേരള മിഷൻ |
| 2. | 58/19-സുശാന്തം | 50000 | 6/18-19/13.6.18 | സെക്രട്ടറി, ജില്ലാ പഞ്ചായത്ത്. |
| 3. | 60/19-വിജ്ഞാൻ സാഗർ | 100000 | 7/18-19/13.6.18 | സെക്രട്ടറി, ജില്ലാ പഞ്ചായത്ത്. |
| 4. | 259/19-ഐ.ടി.എക്സ്പർട്ടിന് ഹോണറേറിയം | 30000 | /2.8.18 | പെർഫോർമൻസ് ഓഡിറ്റ് യൂണിറ്റ് ,കൈപമംഗലം. |

വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്

## 1-15 പൊതുടാപ്പുകൾ എണ്ണം കുറക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

സെക്രട്ടറി നടപ്പാക്കിയ പദ്ധതി നം. 140/19 വാർഡ് തല കുടിവെള്ള പദ്ധതിയ്ക്കായി 5.75 ലക്ഷം രൂപ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തിയിരുന്നു. നാട്ടിക പി.എച്ച്.ഡിവിഷൻ എക്സി.എഞ്ചിനീയറുടെ 21.2.19 ലെ D.5-4948/2009 vol-II നമ്പർ കത്ത് പ്രകാരം വിവിധ വാർഡുകളിൽ 23 പൊതു ടാപ്പുകൾ സ്ഥാപിക്കുന്നതിനായി 5.4 ലക്ഷം രൂപ എസ്റ്റിമേറ്റ് കണക്കാക്കി നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് 23.3.19 ലെ ട്രഷറി ബിൽ നം. 47/18-19 പ്രകാരം ടി തുക വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ വാട്ടർ അതോറിറ്റിയുമായി 19.7.19ന് ഉണ്ടാക്കിയ A3-D23/18-19 നമ്പർ കരാർ പ്രകാരം 2019 ഡിസംബർ 31 ന് പ്രവൃത്തി പൂർത്തിയാക്കണം. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

30.5.2009 ലെ സ.ഉ.(സാ)നം.1275/2009.ത.സ്വ.ഭ.വ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ഗാർഹിക കണക്ഷനുകൾ നൽകുന്നതിനാവശ്യമായ പദ്ധതികൾക്ക് മുൻഗണന നൽകുന്നതിനും പൊതുടാപ്പുകൾ സ്ഥാപിക്കുന്നത് ഒഴിവാക്കുന്നതിനും നിർദ്ദേശം നൽകിയിരുന്നു. ആയതിനാൽ ഗ്രാമപഞ്ചായത്തിന് സാമ്പത്തിക ബാധ്യത സൃഷ്ടിക്കുന്ന രീതിയിൽ പൊതു ടാപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ ഭാവിയിൽ ഒഴിവാക്കേണ്ടതും ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതികൾക്ക് മുൻഗണന നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-16 ഫോട്ടോസ്റ്റാറ്റ് മെഷീൻ, എൽ.സി.ഡി. പ്രൊജക്റ്റർ വാങ്ങൽ-കരാറിൽവാറണ്ടി സംബന്ധിച്ച വിവരങ്ങൾ ഇല്ല

ഫോട്ടോ സ്റ്റാറ്റ് മെഷീൻ, എൽ.സി.ഡി.പ്രോജക്ടർ വാങ്ങൽ-കരാറിൽ വാറണ്ടി സംബന്ധിച്ച രേഖപെടുത്തലുകൾ ഇല്ല.

സെക്രട്ടറി നടപ്പാക്കിയ പദ്ധതി നം. 64/ 19 -ഗ്രാമപഞ്ചായത്തിലേക്ക് ഫോട്ടോ സ്റ്റാറ്റ് മെഷീൻ വാങ്ങുന്നതിന് ബിൽ നം. 26/18-19/13.12.18 പ്രകാരം 43660 രൂപ ചെലവഴിച്ചിട്ടുണ്ട്. ഐ.കെ.എം. സ്പെസിഫിക്കേഷനിലുള്ള Thoshiba e-studio 2309A മോഡൽ മെഷീന് ടെണ്ടറിൽ മൂന്ന വർഷത്തെ ഓൺസൈറ്റ് വാറണ്ടി ഓഫർ ചെയ്തു കാണുന്നുണ്ടെങ്കിലും ഇക്കാര്യത്തിൽ 5.11.18 ന് സ്ഥാപനവുമായി ഏർപ്പെട്ട കരാറിൽ വാറണ്ടി സംബന്ധിച്ച വിവരങ്ങൾ രേഖപെടുത്തി കാണുന്നില്ല. ഇതേ രീതിയിൽ പദ്ധതി നം. 63/19 പ്രകാരം 32161 രൂപ ചെലവഴിച്ച് (ബിൽ നം. 34/18-19/31.12.18 ) വാങ്ങിയ എൽ.സി.ഡി. പ്രോജക്ടറിനും കരാറിൽ വാറണ്ടി രേഖപെടുത്തിയിട്ടില്ല. ആയതിനാൽ വാറണ്ടി സംബന്ധിച്ച വിവരങ്ങൾ കരാറിലുൾപെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 1-17 പട്ടികജാതി വിഭാഗങ്ങൾക്ക് ജനസംഖ്യാനുപാതികമായി ഗ്രാമപഞ്ചായത്തുകൾക്ക് ലഭിക്കേണ്ട തുകയിൽ സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിൽ കുറവ് .

2018-19 വർഷത്തെ സംസ്ഥാന ബജറ്റ് അനുബന്ധം-IV പ്രകാരം പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ബജറ്റ് വിഹിതത്തിൽ വലപ്പാട് ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിന് സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുക 24.86 ലക്ഷം രൂപയാണ്. ഗ്രാമപഞ്ചായത്തിലെ ജനസംഖ്യയിൽ 12.09% പേർ പട്ടികജാതി വിഭാഗത്തിൽ പെടുന്നവരാണ്. മുൻ വർഷങ്ങളിലെ ബജറ്റ് വിഹിതത്തിൽ പൊതുവിഭാഗം/പട്ടികജാതി വിഭാഗം എന്നിങ്ങനെ അനുവദിച്ച തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | പൊതുവിഭാഗം (2011 ലെ സെൻസസ് പ്രകാരം) | | പട്ടികജാതി വിഭാഗം (2011 ലെ സെൻസസ് പ്രകാരം) | |
|---|---|---|---|---|
| വർഷം | ജനസംഖ്യ | അനുവദിച്ച തുക (തുക ലക്ഷത്തിൽ ) | ജനസംഖ്യ | അനുവദിച്ച തുക (തുക ലക്ഷത്തിൽ ) |
| 2015-16 | 35,237 | 115.68 | 977 | 99.99 |
| 2016-17 | 35,237 | 129.67 | 977 | 111.99 |
| 2017-18 | 35,237 | 199.43 | 977 | 126.34 |
| 2018-19 | 35,237 | 229.92 | 977 | 24.86 |
| 2019-20 | 35,237 | 188.66 | 977 | 25.22 |

മേൽ സൂചിപ്പിച്ച കണക്കുകളിൽ നിന്നും പട്ടിക ജാതി വിഭാഗത്തിന്റെ ഉന്നമനത്തിനായി നടപ്പാക്കേണ്ട പദ്ധതികൾക്ക് ബജറ്റ് പ്രകാരം 2018-19 മുതൽ പട്ടികജാതി വിഹിതമായി പഞ്ചായത്തിന് അനുവദിച്ച സംഖ്യ അപര്യാപ്തമാണെന്ന കാണുന്നു. ഇക്കാര്യം സൂചിപ്പിച്ച് തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൾ സെക്രട്ടറി, ഫിനാൻസ് കമ്മീഷൻ സെൽ സെക്രട്ടറി എന്നിവർക്ക് കത്ത് നൽകിയിരുന്നുവെങ്കിലും കുറവ് വന്ന തുക അനുവദിച്ച് കിട്ടിയിട്ടില്ല. (ഗ്രാമപഞ്ചായത്ത്22.2.18, 3.12.19 തിയതികളിൽ അയച്ച A2-5819/19 നമ്പർ കത്തുകൾ)

2011 ലെ സെൻസസ് കണക്കുകൾ പ്രകാരം ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 35,237 ഉം, പട്ടികജാതി ജനസംഖ്യ 977 ഉം ആണ്. പട്ടികജാതി ജനസംഖ്യക്കു പകരം കുടുംബങ്ങളുടെ എണ്ണമാണ് സെൻസസ് കണക്കുകളിൽ ഉൾപ്പെട്ടത് എന്നാണ് ഇക്കാര്യത്തിൽ പഞ്ചായത്ത് മറുപടി നൽകിയത്. യഥാർത്ഥത്തിൽ ഐ.സി.ഡി.എസ്.സൂപ്പർ വൈസർ, എസ്.സി.പ്രൊമോട്ടർ എന്നിവർ നടത്തിയ സർവ്വെ കണക്കുകൾ പ്രകാരം നിലവിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പട്ടിക ജാതി വിഭാഗത്തിൽ 1142കുടുംബങ്ങളിലായി 4816പേർ ഉണ്ട്. ഈ കണക്കുകൾ പ്രകാരം ആകെ ജനസംഖ്യയുടെ 12.09% പട്ടിക ജാതി വിഭാഗത്തിൽ പെടുന്നവരാണ്. (നിലവിലെ ജനസംഖ്യ 39,800)

എന്നാൽ 2011 ലെ സെൻസസ് പ്രകാരം പട്ടികജാതി വിഭാഗത്തിലെ പട്ടികജാതി ജനസംഖ്യാശതമാനം 2.77% മാത്രമാണ്. 2011 സെൻസസിലെ പട്ടികജാതി ജനസംഖ്യാടിസ്ഥാനത്തിൽ തുക കണക്കാക്കിയതിനാലാവാം 2018-19 മുതൽ തുക കുറവ് ലഭിക്കാനിടയായതെന്നാണ് പഞ്ചായത്ത് അനുമാനിക്കുന്നത്. ആയതിനാൽ സെൻസസ് കണക്കുകളിൽ അപാകത ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിച്ച് ആയതു പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുകയും ഇക്കാര്യം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തി കുറവു വന്ന തുക നേടിയെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-18 കിണർ റീചാർജിങ് വാല്യുവേഷൻ നടത്തണം

ഗ്രാമപഞ്ചായത്ത് പരിധിയിലെ കിണറുകളിൽ മഴവെള്ളം റീചാർജ് ചെയ്യുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനായി വി.ഇ.ഒ. നടപ്പാക്കിയ പദ്ധതി നം.89/19 പ്രകാരം 2.24 ലക്ഷം രൂപ വകയിരുത്തിയിരുന്നുവെങ്കിലും സാമ്പത്തിക വർഷത്തിൽ 41600 രൂപ മാത്രമാണ് ചെലവഴിച്ചത്. (ബിൽ നം. 25/18-19/26.3.19) പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ പദ്ധതിയുടെ ഗുണഭോക്താക്കളായ 15 പേരുടേയും വീടുകളിൽ കിണർ റീചാർജിംഗ് സംവിധാനം ഏർപ്പെടുത്തിയതായി നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി. എന്നാൽ പൂർത്തീകരിച്ച പ്രവൃത്തിയുടെ വാല്യുവേഷൻ നടത്തിയിട്ടില്ല. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 മരാമത്ത് പണികളുടെ നിർവഹണം

സാമ്പത്തികവർഷം 127 പ്രൊജക്റ്റുകൾ ആവിഷ്കരിച്ചതിൽ 78 പ്രൊജക്റ്റുകൾക്കായി തുക ചെലവഴിച്ചിട്ടുണ്ട്.ആകെ പ്രൊജക്റ്റുകളിൽ 58 എണ്ണം പുതിയവയാണ്.52061151 രൂപയുടെ പ്രൊജക്റ്റുകൾ ആവിഷ്കരിച്ചതിൽ 22542981 രൂപയാണ് ചെലവിട്ടത്. നിർമാണപ്രവർത്തനങ്ങൾക്കായി 8033271 രൂപക്ക് തനതുഫണ്ട് വകയിരുത്തിയത് ശ്രദ്ധേയമാണ്. ഇതിൽ ആയുർവേദാശുപത്രിയുടെ വിപുലീകരണത്തിനായി ഇരുപതു ലക്ഷം രൂപ ഉൾപ്പെടുത്തിയതും അഭിനന്ദനീയമാണ്. മൊത്തം 5940284 രൂപ തൻവർഷം തനതുഫണ്ട് ചെലവുചെയ്തിട്ടുമുണ്ട്. ഏതാനും പ്രവൃത്തികളുടെ കരാറെടുത്ത ശ്രീ.ഇ.എൻ.ഉണ്ണികൃഷ്ണൻ എന്ന കരാറുകാരൻ നാളിതുവരെ യാതൊരു പ്രവൃത്തികളും തുടങ്ങാത്തത് തികഞ്ഞ ന്യൂനതയാണ്. പട്ടികജാതിവികസനത്തിനായി കേവലം 4.85% തുകക്കുള്ള പദ്ധതികൾ മാത്രമേ തൻവർഷം ചെലവുചെയ്തിട്ടുള്ളൂ.

## 1-20 കരാറെടുത്തയാൾ യാതൊരു പ്രവൃത്തിയും ചെയ്തില്ല

ശ്രീ.ഇ.എൻ ഉണ്ണികൃഷ്ണൻ എന്ന കരാറുകാരൻ സാമ്പത്തികവർഷം കരാർ വെച്ച താഴെപറയുന്ന പ്രവൃത്തികൾ യാതൊന്നും തന്നെ തുടങ്ങിയില്ല. 31/7/18 ന് നടത്തിയ ടെൻഡർ ഭരണസമിതിയുടെ 44(2)/13/8/18 നം. തീരുമാനമനുസരിച്ച് അംഗീകരിക്കുകയും 22/19/5/9/18 പ്രകാരം സെലക്ഷൻ നോട്ടീസ് അയച്ചെങ്കിലും യഥാസമയം കരാർ ചമക്കാത്തതിനാൽ മുന്നറിയിപ്പ് കത്ത് അയച്ചതിനെ(തീയ്യതി ഇല്ല)തുടർന്നാണ് കരാർ ചമച്ചത്. വൈകി കരാർ ചമച്ചതിൽ പിഴ ഈടാക്കിയിട്ടുമില്ല.

| ക്രമനം | പ്രൊജക്റ്റ് നം | അടങ്കൽ തുക | കരാർ |
|---|---|---|---|
| 1 | യൂണിറ്റി റോഡ് മെയിന്റനൻസ് | 480000 | 113/AE/VPD/18-19/19/1/19 |
| 2 | മുരിയാംതോട്- ച്ചൂലൂർ റോഡ് റീടാറിങ് | 450000 | 110/„ |
| 3 | ന്യൂ വിജയറോഡ് മെയിന്റനൻസ് | 450000 | 111/„ |
| 4 | അതിയാരത്ത് പടി കാന | 700000 | 94/AE/VPD/18-19/17/10/18 |
| 5 | മീഞ്ചന്ത ഹൈസ്കൂൾ കോതകുളം ലിങ്ക് റോഡ് | 490000 | 103/„/30/10/18 |
| 6 | അന്നപൂർണേശ്വരി റോഡ് മെയിന്റനൻസ് | 450000 | 112/AE/VPD/18-19/19/1/19 |

മേൽപറഞ്ഞ പ്രവൃത്തികൾക്കെല്ലാം മെയിന്റനൻസ് ഫണ്ടാണ് വകയിരുത്തിയത്.മെയിന്റനൻസ് പ്രവൃത്തികൾ യഥാസമയം ചെയ്തില്ലെങ്കിൽ പ്രവൃത്തിസ്ഥലത്ത് കൂടുതൽ തകരാറുകൾ സംഭവിക്കുകയും വകയിരുത്തുന്ന ഫണ്ടുപയോഗിച്ച് കുറ്റമറ്റരീതിയിൽ നിർവ്വഹണം നടത്തുവാൻ കഴിയാതെ വരികയും ചെയ്യുന്നു.ഇത് സംബന്ധിച്ച നൽകിയ 1/8/7/20 നം. ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ 5ാം നം പ്രവത്തിയൊഴികെയുള്ളവയെല്ലാം ഡ്രോപ്പ് ചെയ്യാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചതായി അസി.എൻജിനീയർ അറിയിച്ചിട്ടുള്ളതാണ്. (നം. സൂചിപ്പിച്ചിട്ടില്ല.) ക്രമനം 1,3,5,6 പ്രകാരമുള്ള പ്രവൃത്തികൾ 2019-20 വർഷം പുതിയ പദ്ധതികളായി ആവിഷ്കരിച്ച് കരാർ ചെയ്ത് തൻവർഷം തന്നെ പൂർത്തീകരിച്ചതായി മറപടിയിൽ സൂചിപ്പിച്ചു. ഈ പ്രവൃത്തികളിൽ അധികച്ചെലവ് ഉണ്ടായിട്ടുണ്ടെങ്കിൽ ആയതിൽ വീഴ്ച വരുത്തിയ മേൽപറഞ്ഞ കരാറുകാരനെതിരെ നടപടികൾ സ്വീകരിച്ച് നഷ്ടം ഈടാക്കേണ്ടതാണ്. പ്രവൃത്തിനിർവഹണത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചാലെ, സമയബന്ധിതവും കുറ്റമറ്റതുമായ പ്രവൃത്തിനിർവഹണം ഭാവിയിൽ ഉറപ്പുവരുത്തുവാൻ കഴിയുകയുള്ളൂ.

2 ാം നം. പ്രവൃത്തി 2020-21 വർഷാദ്യം തന്നെ പൂർത്തീകരിച്ചതായി അറിയിച്ചിട്ടുണ്ട്. 4ാം നം. പ്രവൃത്തിയുടെ നിജസ്ഥിതി അറിയിക്കേണ്ടതാണ്.

പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുവാൻ ഭാവിയിൽ പ്രത്യേകശ്രദ്ധ പുലർത്തേണ്ടതാണ്.

# 1-21 ഷോപ്പിങ് കോംപ്ളക്സിൽ ചോർച്ച-പരിഹാരനടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10(1)/6/8/19 നം.തീരുമാനത്തിൽ ഗ്രാമപഞ്ചായത്ത് ഷോപ്പിങ് കോംപളക്സിന്റെ ഒന്നാം നിലയിൽ ചോർച്ചയുള്ളതായി വലപ്പാട് സർവീസ് സഹകരണബാങ്ക് സൂചിപ്പിച്ചതായും ആയതിന്മേൽ അസി.എൻജിനീയർ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കാനം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇക്കാര്യം അസി.എഞ്ചിനീയറുടെ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ വിവരങ്ങൾ കണ്ടില്ല. ചോർച്ച സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 16, 17/07/20 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് പരിഹാര നടപടികൾ നിർമ്മാണം നടന്നത് 2013-14 വർഷത്തെ പ്രൊജക്ടിന്റെ ഭാഗമാണെന്നും ലയബലിറ്റി പീരിഡ് കഴിഞ്ഞുവെന്നും പരിഹാര നടപടികൾ സ്വീകരിക്കുമെന്നും അസി.എഞ്ചിനീയർ അറിയിച്ചു. ചോർച്ച കുറ്റമറ്റ രീതിയിൽ പരിഹരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# 1-22 തൊഴിലുറപ്പുപദ്ധതി

തൻവർഷം പലിശയടക്കം വരവ് വന്ന 29233667 രൂപയിൽ 29251586 രൂപയും ചെലവിട്ടിട്ടുണ്ട്. 544 പദ്ധതികൾ ലക്ഷ്യമിട്ടെങ്കിലും 187 പദ്ധതികൾ മാത്രമാണ് നിർവഹണം നടത്തുവാൻ കഴിഞ്ഞിട്ടുള്ളത്. 5381 കുടുംബങ്ങൾ തൊഴിൽകാർഡ് എടുത്തെങ്കിലും അവരിൽ 1071 കുടുംബങ്ങളാണ് പ്രവൃത്തി ചെയ്യുവാൻ മുന്നോട്ട് വന്നത്.

55% കുടുബങ്ങൾക്കും നൂറ് ദിവസത്തെ തൊഴിൽ നൽകാൻ കഴിഞ്ഞത് ശ്രദ്ധേയമാണ്. 55% രൂപയും ചെലവഴിച്ചരിക്കുന്നത് ജലസംരക്ഷണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കുവേണ്ടിയാണ് (15884331X100/28676836-ഭരണച്ചെലവൊഴികെയുള്ള ആകെചെലവ്). 28%(8155120) ഭൂവികസനപ്രവർത്തനങ്ങൾക്കുവേണ്ടി വിനിയോഗിച്ചു. വനവൽക്കരണ പ്രവർത്തനങ്ങൾക്കായി 293230രൂപയും ചെറുകിടജലസേചനപ്രവർത്തനങ്ങൾക്കായി 1805590രൂപയും പട്ടികജാതി, ബി.പി.എൽ കുടുംബങ്ങളുടെ ഭൂവികസനപ്രവർത്തനങ്ങൾക്കുവേണ്ടി 1002240 രൂപയും വെള്ളപ്പൊക്കനിയന്ത്രണത്തിനും സംരക്ഷണത്തിനുമായി 386110 രൂപയും ശുചിത്വപ്രവർത്തനങ്ങൾക്ക് 450235 രൂപയും ചെലവിട്ടു. 699980 രൂപയുടെ നിർമാണസാമഗ്രികളുണ്ടാക്കി.

സ്ഥിരമായ ആസ്തികളൊന്നും തന്നെ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടില്ല. സോഷ്യൽ ഓഡിറ്റ് ഇപ്പോഴും നടന്നുകൊണ്ടിരിക്കുകയാണ്.

സ്ഥിരാസ്തികൾ സൃഷ്ടിക്കാനുകുന്ന പദ്ധതികൾ ആവിഷ്കരിച്ചുനടപ്പിലാക്കുവാൻ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്. ഭൗതികഫലങ്ങൾ വിലയിരുത്തുവാൻ സോഷ്യൽ ഓഡിറ്റ് കാലികമാക്കേണ്ടതാണ്.

# 1-23 സ്പോർട്ട്സ് കിറ്റ് പരിധിയിലധികം തുക വിനിയോഗിച്ചു.

പദ്ധതി നംപർ 36/18-19 പ്രാദേശിക ക്ലബ്ബുകൾക്ക് കായിക പരിശീലനം

നിർവ്വഹണോദ്ധ്യഗസ്ഥൻ -ഹെഡ് മാസ്റ്റർ ഗവ.എൽ.പി.സ്കൂൾ

അടങ്കൽ – 3,00,000

ചെലവ് – 85,000

ട്രഷറി ബിൽ നമ്പർ 07/18-2-19ഉക 85000രൂപ

ഹെഡ് മാസ്റ്റർ ഗവ.എൽ.പി.സ്കൂൾ നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം പ്രാദേശിക ക്ലബ്ബുകൾക്ക് കായിക പരിശീലനം നൽകുന്നതിന്റെ ഭാഗമായി അർഹരായ പന്ത്രണ്ട് ക്ലബ്ബുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനായി 85,000 രൂപ ചെലവഴിച്ചിട്ടുണ്ട്. (സ്പോർട്ട്സ് സിറ്റി വലപ്പാട് ബിൽ നം.0278,0280)എന്നാൽ 14-2-18 തിയ്യതിയിലെ സ.ഉ (കൈ)22/18ത.സ്വ.ഭ.വ മാർഗ്ഗരേഖ, 26-3-18 തിയ്യതിയിലെ 811/18 ത.സ്വ.ഭ.വ ഭേദഗതി ഉത്തരവ് എന്നിവ പ്രകാരം ഒരു ക്ലബ്ബിന് പരമാവധി 5000 രൂപക്കുള്ള സാധനങ്ങൾ മാത്രമേ വാങ്ങി നൽകാൻ സാധിക്കുയുള്ളൂ. അതായത് പന്ത്രണ്ട് ക്ലബ്ബുകൾക്ക് 12x5000=60,000 രൂപ മാത്രമേ നൽകാനാവൂ. ആയതിനാൽ 25,000 രൂപ അധികമായി ചെലവഴിച്ചതായി കാണുന്നു. മേലിൽ മാർഗ്ഗരേഖ പ്രകാരമുള്ള പരിധി കൃത്യമായി പാലിക്കേണ്ടതാണ്.

## 1-24 മൽസ്യ തൊഴിലാളികൾക്ക് ഗിൽനെറ്റ് വിതരണം-അപാകതകൾ.

പദ്ധതി നമ്പർ - 090/18/19

മൽസ്യ തൊഴിലാളികൾക്ക് ഗിൽനെറ്റ് വിതരണം

നിർവ്വഹണോദ്ധ്യോഗസ്ഥ – സബ്ബ് ഇൻസ്പെക്ടർ ഫിഷറീസ്

അടങ്കൽ -6,00,000

ചെലവ് -3,60,000.

ട്രഷറി ബിൽ നമ്പർ-2/തിയ്യതി-13/2/19

സബ്ബ് ഇൻസ്പെക്ടർ ഫിഷറീസ് നടപ്പാക്കിയ മൽസ്യ തൊഴിലാളികൾക്ക് ഗിൽനെറ്റ് വിതരണം പദ്ധതി പ്രകാരം മുപ്പത്തിയാറു ഗുണഭോകതാക്കൾക്ക് കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് ഫെഡറേഷൻ ഫോർ ഫിഷറീസ് ഡെവലപ്പ്മെന്റ് ലിമിറ്റഡ് എന്ന് സ്ഥാപനത്തിൽ നിന്നും പതിനായിരം രൂപ വീതം വില വരുന്ന ഗിൽനെറ്റ് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്(റസീറ്റ് നം.8732/436562 തിയ്യതി.22/3/19)14/2/18തിയ്യതിയിലെ നം.22/18/ത.സ്വ.ഭ.വ പദ്ധതി മാർഗ്ഗരേഖ പ്രകാരം ടി പദ്ധതിയുടെ ഗുണഭോക്താക്കൾ രജിസ്റ്റേഡ് മൽസ്യതൊഴിലാളിയും, റജിസ്ട്രേഷനും ലൈസൻസുമുള്ള പരമ്പാരഗത വള്ളത്തിന്റെ ഉടമസ്ഥനമായിരിക്കണം, എന്നാൽ വള്ളങ്ങളുടെ ഉടമസ്ഥരല്ലാത്ത മൽസ്യ തൊഴിലാളികൾക്കും ടി ആനുകൂല്യം നൽകിയിട്ടുണ്ട്. ഉദാഃ അർജ്ജുനൻ, പള്ളത്ത്, കയ്പമംഗലം, പ്രദീപ്, അരവീട്ടിൽ, കയ്പമംഗലം. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.13 ന് മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതാണ്. ഉടമസ്ഥരല്ലാത്ത മൽസ്യ തൊഴിലാളികൾക്ക് ടി.ആനുകൂല്യം ലഭിച്ചതുകൊണ്ട് പദ്ധതി യുടെ പൂർണ്ണ പ്രയോജനം ലഭ്യമാകുന്നില്ലെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

## 1-25 മൽസ്യ തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലാപ്പ്ടോപ്പ് നൽകൽ -രേഖകൾ കൃത്യമല്ല- അപാകതകൾ.

പദ്ധതി നമ്പർ - 045/18/19

മൽസ്യ തൊഴിലാളികളുടെ വിദ്ധ്യാർത്ഥികളായ മക്കൾക്ക് ലാപ്പ്ടോപ്പ് നൽകൽ

നിർവ്വഹണോദ്ധ്യോഗസ്ഥ – സബ്ബ് ഇൻസ്പെക്ടർ ഫിഷറീസ്

അടങ്കൽ -3,00,000

ചെലവ് -2,73,690.

ട്രഷറി ബിൽ നമ്പർ-1/തിയ്യതി-29/12/18

സബ്ബ് ഇൻസ്പെക്ടർ ഫിഷറീസ് നടപ്പാക്കിയ മൽസ്യ തൊഴിലാളികളുടെ വിദ്ധ്യാർത്ഥികളായ മക്കൾക്ക് ലാപ്പ്ടോപ്പ് വിതരണം പദ്ധതി പ്രകാരം പത്ത് ഗുണഭോകതാക്കൾക്ക് നെസ്റ്റ് സിസ്റ്റംസ്& സൊല്യൂഷൻസ് എന്ന സ്ഥാപനത്തിൽ നിന്നും ലാപ്പ്ടോപ്പ് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്(റസീറ്റ് നം.0259/ തിയ്യതി.10/12/18) ആനുകൂല്യം ലഭ്യമായ കുമാരി സനിത കെ.എസ്. d/o സദാശിവൻ, കാഞ്ഞിരപറമ്പിൽ വീട്, കഴിമ്പ്രം എന്നവർ ഹാജരാക്കിയിട്ടുള്ള ഗവ.ലോ കോളേജ് തൃശ്ശൂർ പ്രിൻസിപ്പാളിന്റെ സാക്ഷ്യപത്രം പ്രകാരം ഫിഷറീസ് ഡിപ്പാർട്ട്മെന്റിൽനിന്നും പ്രസ്തുത ആനുകൂല്യം ലഭ്യമാകുന്നതിനായിട്ടാണെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.8 ന് മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതാണ്. ആയതിനാൽ ടി.ഗുണഭോകതാവിന് പ്രസ്തുത ഡിപ്പാർട്ട്മെന്റിൽ നിന്നും മുൻപ് ടി.ആനുകൂല്യം ലഭിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. തൃപ്തികരമായ മറുപടി ലഭ്യമാക്കുന്നതു വരെ 27,369 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-26 എസ്സ്.എസ്സ്.എ അധിക വിഹിതം ക്രമീകരിക്കണം.

പദ്ധതി നമ്പർ - 008/18-19

അടങ്കൽ - 10,74,282

ചെലവ് - 10,74,282

നിർവ്വഹണ ഉദ്യോഗസ്ഥ -ഹെഡ് മാസ്റ്റർ ഗവ.എൽ.പി.സ്കൂൾ.

ട്രഷറി ബിൽ നംപർ -1/തിയ്യതി 24/5/18

മേൽ പദ്ധതി പ്രകാരം2018-19സാമ്പത്തികവർഷത്തേക്ക് എസ്സ്.എസ്സ്.എ വിഹിതമായി ജില്ലാ പ്രൊജക്റ്റ് കോർ-ഡിനേറ്ററുടെ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകയായ20,63,457 രൂപയുടെ വിഹിതമായി ആവശ്യപ്പെട്ട 13,64,100 രൂപയിൽ 10,74,282 രൂപ വിഹിതം അടവാക്കിയിട്ടുണ്ട്.(റസീപ്റ്റ്നംപർ 485-048401-തിയ്യതി-24-5-18 ).മുൻ വർഷത്തിൽ (16-17) അധികം നൽകിയ തുക (ഓഡിറ്റ് റിപ്പോർട്ട്-2017-18.പരാമർശം നംപർ - 3ൽ 12) 2,89,818 രൂപ കുറവ് വരുത്തിയാണ് നൽകിയിട്ടുള്ളതെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നംപർ 4 ന് മറുപടിയായി അറിയിച്ചിരിക്കുന്നത്. എന്നാൽ തൻ വർഷത്തിൽ അനുവദിക്കേണ്ട വിഹിതം 825383 രൂപ മാത്രമായിരിക്കെ (40% -20,63,457) 1074,282 -82,53,83 -2,48,899 രൂപ വീണ്ടും അധികമായി അനുവദിച്ചിട്ടുണ്ട് ആയത് ക്രമീകരിക്കേണ്ടതാണ്. എല്ലാ വർഷവും വിഹിതം കൂടുതലായി അനുവദിക്കുന്നത് ഒഴിവാക്കേണ്ടതാണെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

## 1-27 സ്പോർട്സ് കൗൺസിൽ രൂപീകരിക്കണം.

9/1/18 തിയ്യതിയിലെ സ.ഉ.(കൈ) നമ്പർ 11/18 ത.സ്വ.ഭ.വ. മാർഗ്ഗരേഖ പ്രകാരം പതിമൂന്നാം പദ്ധതിയിൽ കായിക രംഗത്ത് തദ്ദേശഭരണ സ്ഥാപനങ്ങൾ കൂടുതൽ സജീവമായി ഇടപെടേണ്ടതിന്റെ ആവശ്യകത ഊന്നി പറയുന്നുണ്ട്. ജനങ്ങളുടെ കായികവും മാനസികവുമായ ആരോഗ്യം ഉറപ്പ് വരുത്താനും ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കാനും ഇത് ആവശ്യമാണ്. 4/2/10 8378/ ഡി.എ.1 /2010 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ ഗ്രാമതല സ്പോർസ് കൗൺസിൽ രൂപീകരിക്കേണ്ടതാണ്, എന്നാൽ വലപ്പാട് പഞ്ചായത്തിൽ ആയത് രൂപീകരിച്ചിട്ടില്ലായെന്നാണ് ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 9 ന് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. കായിക വിനോദങ്ങൾക്ക് പ്രോൽസാഹനം നൽകുന്ന പദ്ധതികൾ തൻ വർഷത്തിൽ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തിയിട്ടുള്ളതായി കാണുന്നു, കായിക പ്രവർത്തനങ്ങളിൽ താൽപ്പര്യമുള്ള യുവജനങ്ങൾ ധാരാളം പേർപഞ്ചായത്തിലുണ്ടെന്ന് പദ്ധതികളിലെ ഗുണഭോക്താക്കളുടെ പങ്കാളിത്തത്തിൽ നിന്ന് വ്യക്തമാണ്. ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു കളിക്കളം സ്വന്തമായിട്ടില്ലായെന്നുള്ളത് ഒരു പോരായ്മയാണ്. ഈ സാഹചര്യത്തിൽ മാർഗ്ഗരേഖ 7-10(2) പ്രകാരമുള്ള നടപടികൾസ്വീകരിക്കുകയും സ്പോർസ് കൗൺസിൽ എത്രയും വേഗം രൂപീകരിക്കുകയും. വേണ്ടതാണ് ഇക്കാര്യത്തിൽ കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധയുണ്ടാകണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-28 ലൈഫ് പദ്ധതി -ഗുണഭോക്താവിൽ നിന്നും തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കണം.

വി.ഇ.ഒ നടപ്പാക്കിയ പദ്ധതി നം. 106/19 ലൈഫ് രണ്ടാം ഘട്ടം- പ്രകാരം ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ട 28 ഗുണഭോക്താക്കളിൽ 26 പേർ നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ ശേഷിക്കുന്നതിൽ ഒരു ഗുണഭോക്താവിന്റെ ഭവനനിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ്. എന്നാൽ വീട്ട നിർമ്മാണത്തിനായി ബിൽ നം. 11/18-19/15.11.18 പ്രകാരം കെട്ടിട നിർമ്മാണ അഡ്വാൻസായി 40,000/- രൂപ കൈപറ്റിയ ശ്രീമതി.സുനിമോൾ, പള്ളത്ത് എന്ന ഗുണഭോക്താവ് നാളിതുവരെ ഭവന നിർമ്മാണം ആരംഭിച്ചതായി കാണുന്നില്ല. ആയതിനാൽ ടി ഗുണഭോക്താവ് കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 മാലിന്യ സംസ്കരണം- പദ്ധതി ലക്ഷ്യം നേടിയില്ല.

ഗ്രാമപഞ്ചായത്തിലെ അജൈവ മാലിന്യ സംസ്കരണം ഫലപ്രദമായി നടപ്പാക്കുന്നതിന് വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കുന്ന പദ്ധതി നം. 111/19 ഹരിത കർമ്മസേനക്കായി 11.46 ലക്ഷം രൂപ വകയിരുത്തിയിരുന്നുവെങ്കിലും നാളിതുവരെ 45530 രൂപ മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. 2017-18 ൽ ഹരിത കർമ്മസേനയിലേക്ക് തെരഞ്ഞെടുത്ത 40 പേർക്ക് സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷന്റെ സഹായത്തോടെ പരിശീലനം നൽകുകയും ഗ്രാമപഞ്ചായത്ത് യൂസർഫീ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. 2018-19 വർഷത്തിൽ യൂണിഫോം വാങ്ങുന്നതിനായി മേൽപ്രകാരം 45530 രൂപ ചെലവഴിച്ചിട്ടുണ്ട്. നിലവിൽ 19ാം വാർഡിൽ എം.സി.എഫ് കെട്ടിടം നിർമ്മിച്ചിട്ടുണ്ടെങ്കിലും ഷ്രെഡിംഗ് മെഷീൻ, ബെയ്‌ലിംഗ് മെഷീൻ എന്നിവ വാങ്ങി സ്ഥാപിച്ചിട്ടില്ല. അജൈവ മാലിന്യം നീക്കം ചെയ്യുന്നതിനാവശ്യമായ വാഹനം നിലവിൽ ഇല്ല. നിലവിൽ ശേഖരിച്ച മാലിന്യങ്ങൾ ക്ലീൻ കേരളയ്ക്ക് കൈമാറിയിട്ടുണ്ട്. തുടർ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുകയും ഗ്രാമപഞ്ചായത്തിനെ മാലിന്യ വിമുക്ത പഞ്ചായത്തായി മാറ്റുന്നതിനാവശ്യമായ നടപടികൾ സമയബന്ധിതമായി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

- 
- 

ഇല്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

• •
ഇല്ല

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 19.07.2019, 20.07.2019 | കെ.എസ്.എ.ടി.എസ്.ആർ എസ്.1/1120/19(82) dt 26.08.2019 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതംനൽകിയസ്ഥാപനം | തുകലഭിച്ചവർഷം | ലഭിച്ചതുക | പ്രൊജക്ടിന്റെപേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | | | | | |
| മുൻബാക്കി-644300 | 2018-19 | 100000 | Sleeping bed for anganwadi children | 72371 | 27629 |
| | 2018-19 | 205314 | life mission | 134688 | 70626 |
| | 2018-19 | 300000 | block share for waste management | 0 | 300000 |
| | 2018-19 | 200000 | supplimentory nutrition program | 177646<br>22000 | 354 |
| | 2018-19 | 300000 | scholarship for disabled persons | 227600<br>72384 | 16 |
| | 2018-19 | 150000 | milk incentive | 86184<br>63816 | 0 |
| | 2018-19 | 100000 | water purifier for Anganwadi | 0 | 100000 |
| ആകെ | | 1355314 | | 856689 | 1142925 |
| | | | | | |
| ജില്ലാ പഞ്ചായത്ത്<br>മുൻബാക്കി-207300 | 2018-19 | 913272 | LIFE MISSION | 4463<br>200000<br>240000 | 468809 |
| | 2018-19 | 100000 | MILK SUBSIDY | 100000 | 0 |
| | | | | | |
| ആകെ | | 103272 | | 544463 | 676109 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം. / ചെക്ക്നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | കടിവെള്ള പദ്ധതി വാർഡ് തലം പ്രോജക്റ്റ് നം - 140<br>പ്രോജക്റ്റ് നം -33, street line extention | 21801533<br>dt.23/3/2019<br>21801424<br>dt.30.01.2019<br>21801530 | 54000<br>324093<br>797656<br>55003 | 0<br>0<br>0<br>0 | 54000<br>324093<br>797656<br>55003 |

| | | | | | |
|---|---|---|---|---|---|
| KSEB<br>KSEB | പ്രോജക്ട് നം -254, Electric post shifting in Koranamchira colony | dt.22.03.2019<br>21800885<br>dt.20.10.2018 | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | | | |
|---|---|---|---|
| 1 | വർഷാരംഭത്തിൽഉണ്ടായിരുന്നസ്ഥിരനിക്ഷേപം | 6130349 | |
| 2 | തൻവർഷംനിക്ഷേപിച്ചതുക | 8049959(പലിശ+7500000) | |
| 3 | ആകെ | 14180308 | |
| 4 | തന്നാണ്ടിൽപിൻവലിച്ചതുക | 0 | |
| 5 | വർഷാവസാനംഅവശേഷിക്കുന്നസ്ഥിരനിക്ഷേപം | 14180308 | |
| 6 | വർഷാവസാനംഅവശേഷിക്കുന്നസ്ഥിരനിക്ഷേപത്തിന്റെവിവരം<br>14180308 | നിക്ഷേപത്തിന്റെവിവരം | തുക |
| | | TDCB Tripayar | 1624314 |
| | | TDCB Tripayar | 5055994 |
| | | VSCB Valapad | 5000000 |
| | | VSCB Valapad | 2500000 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,93,71,753 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,99,92,629 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 27369 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 27369 | ശ്രീമതി.ജീന ഗോപിനാഥ്, സബ്ബ് ഇൻസ്പെക്ടർ ഫിഷറീസ് |
| ആകെ | 27369 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | ഇല്ല |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

(എഫ് )റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ജീന ഗോപിനാഥ്,വൃന്ദാവൻ,വയനകം,നക്കനാട് പി ഒ,ഓച്ചിറ,കൊല്ലം

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽനിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1984-85 | എൽ.എഫ്.ടി.പി1-1902/11/ 24.10.11/10.01.12 | |
| 85-86 | -ടി- | |
| 86-87,87-88 | -ടി- | |
| 88-89,89-90 | -ടി- | |
| 90-91 | -ടി- | |
| 91-92 | -ടി- | |
| 92-93 | -ടി- | |
| 93-94 | -ടി- | |
| 94-95 | -ടി- | |
| 95-96 | -ടി- | |
| 96-97 | എൽ.എഫ്.ടി.13-610/98/10.02.98 | |
| 97-98 | എൽ.എഫ്.ടി.14-1288/99/22.06.00 | |
| 97-98 | എൽ.എഫ്.ടി.14-1117/02/05.02.03 | |
| 98-99 | എൽ.എഫ്.ടി.14-1118/02/08.12.02 | |
| 98-99 | എൽ.എഫ്.ടി.14-1154/02/18.11.00 | |
| 99-00 | എൽ.എഫ്.ടി.14-1119/02/16.12.02 | |
| 00-01,01-02 | എൽ.എഫ്.ടി.14-1541/03/06.03.04 | |
| 02-03 | എൽ.എഫ്.ടി.14-871/06/31.05.06 | |
| 03-04 | എൽ.എഫ്.ടി.14-1801/08/11.12.09 | |
| 04-05 | എൽ.എഫ്.ടി.14-1881/08/11.12.09 | |
| 05-06 | എൽ.എഫ്.ടി.14-398/10/16.09.10 | |
| 06-07 | എൽ.എഫ്.ടി.14-399/10/19.03.11 | |
| 07-08 | എൽ.എഫ്.ടി.14-1145/10/25.05.11 | |
| 08-09 | എൽ.എഫ്.ടി.14-1146/10/03.06.11/29.06.11 | |
| 09-10 | എൽ.എഫ്.ടി.(പി1)252/12/07.07.12 | |
| 10-11 | എൽ.എഫ്.ടി.(പി1)-253/12/29.06.12/05.10.12 | |
| | [illegible] | |

| | | |
|---|---|---|
| 11-12 | എൽ.എഫ്.ടി.പി1.711/13,15.01.2014/12.03/2014 | |
| 12-13 | എൽ.എഫ്.ടി.പി.1-1539/2014 /01.12.14 | |
| 13-14 | കെ.എസ്.എ-ടി.എ.സ്.ആർ.പി.1/23/ 16/15.01.16/06.02.16 | |
| 14-15 | കെ.എസ്.എ-ടി.എ.സ്.ആർ.പി.1/1033/ 16/28.6.16 | |
| 15-16 | കെ.എസ്.എ-ടി.എ.സ്.ആർ.പി.1/2010/16/15.12.16 | |
| 16-17 | കെ.എസ്.എ-ടി.എ.സ്.ആർ.പി.1/1757/17 തീ 4.12.2017 | - |
| 17-18 | കെ.എസ്.എ-ടി.എ.സ്.ആർ.പി.1/1813/18 തീ. 21.02.2019 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

## അനുബന്ധം -1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ വലപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വലപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

## അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം

| | | |
|---|---|---|
| - | സംക്ഷിപ്തം(AuditedAbstract) | പകർപ്പുകൾ ഉള്ളടക്കം ചെയ്തിട്ടുണ്ട് |
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |

| | | |
|---|---|---|
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ